'ഭരണഭാഷ–മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – വയനാട് ജില്ല – ബജറ്റ് വിഹിതം 2025–26 – റോഡിതര സംരക്ഷണ ഫണ്ട് – പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് – 2023–24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിപ്രകാരം ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേയ്ക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ–എ) വകുപ്പ്**

സ.ഉ.(സാധാ)നം. 4530/2025/ധന                തീയതി,തിരുവനന്തപുരം, 20–05–2025

---

പരാമർശം : 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.04.2025 തീയതിയിലെ LSGD/RD/4534/2025–DPLA1 നമ്പർ കത്ത്.

2. 17.12.2024 തീയതിയിലെ വൈത്തിരി സബ് ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം.86/2016/ധന തീയതി. 17.06.2016

**ഉത്തരവ്**

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2023–2024 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രം, മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ പടഞ്ഞാറത്തറ കാപ്പുംകുന്ന് പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നമ്പർ 44/2024) എന്ന പദ്ധതിയുടെ ഭാഗമായി M/s Kadavil Infotec' എന്ന സ്ഥാപനത്തിന് അനുവദിച്ചതും എന്നാൽ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുകയായ ₹56,479/- പുനരനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ തുടർനടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർക്ക് പരാമർശം (1) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2) പ്രകാരം വൈത്തിരി സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് 2023–24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പടഞ്ഞാറത്തറ കാപ്പുംകുന്ന് പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി ഏജൻസിയായ M/s Kadavil Infotec എന്ന സ്ഥാപനത്തിന് നൽകിയതും ബാങ്ക് അക്കൗണ്ടിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുകയായ ₹56,479/- (അൻപത്താറായിരത്തി നാനൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം) '3604-00-200-82-05-NV' എന്ന ശീർഷകത്തിൽ നിന്നും പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന് (G 120407) പുനരനുവദിച്ച് ഉത്തരവാകുന്നു.

3) മേൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടിയന്തരമായി കൈമാറേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്– II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്/ സെക്രട്ടറി പടഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, വയനാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യു–ജെ / ഡെവലപ്മെന്റ് വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3125301)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ